"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ കീനാനൂർ ഗ്രാമപഞ്ചായത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. രാധാമണിക്ക് നിലവിലെ മാനദണ്ഡത്തിൽ ഇളവ് നൽകി ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2114/2024/LSGD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. കീനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 04/07/2024 ലെ സാധാരണ യോഗത്തിന്റെ 6/1 നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/08/2024 ലെ തസ്വഭവ/പി.ഡി/55292/2023-ഇപി.ഇപി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ കീനാനൂർ ഗ്രാമപഞ്ചായത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. രാധാമണിക്ക് 25 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടെങ്കിലും ടിയാരിയുടെ നിലവിലെ വീട് വാസയോഗ്യമല്ലെന്നും, ഗുരുതരമായ രോഗം ബാധിച്ച് 80 % ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കുന്നതുമൂലം വരുമാനശേഷി പൂർണ്ണമായി നഷ്ടപ്പെട്ടതു കൊണ്ടാണ് ഈ കുടുംബം അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടതെന്നും നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിന് പ്രത്യേകാനുമതി നൽകണമെന്നുമുള്ള കീനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം 1 പ്രകാരമുള്ള തീരുമാനം സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അനുഭാവ പൂർണമായ പരിഗണനയ്ക്കായി പരാമർശം 2 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ കീനാനൂർ ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. രാധാമണിക്ക് നിലവിലെ മാനദണ്ഡത്തിൽ ഇളവ് നൽകി ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിന് പത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കീനാനൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

ശ്രീമതി രാധാമണി (കീനാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 06-11-2024 14:36:38
സെക്ഷൻ ഓഫീസർ